പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2412 — 19.07.2016 ൽ മറുപടിക്ക്

## വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വാഹന പരിശോധനയും ബോധവത്കരണവും ശക്തമായിട്ടും വാഹനാപകടങ്ങളെ തുടർന്നുള്ള മരണങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ വർഷം നാളിതുവരെ വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടെന്നും എത്ര പേർക്ക് പരിക്കേറ്റെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും അറിവുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) 2016 ജൂൺ 30 വരെ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ 2209 പേർ മരണപ്പെടുകയും 21996 പേർക്ക് പരിക്കേൽക്കുകയും 18023 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) മദ്യപിച്ചു വാഹനമോടിക്കുന്നതും, രാത്രി കാലങ്ങളിൽ ലൈറ്റ് ഡിം ചെയ്യാതെയും, അശ്രദ്ധമായ ഡ്രൈവിംഗും, അമിത വേഗതയും കൊണ്ടുണ്ടാകുന്ന ഇത്തരം അപകടങ്ങൾക്ക് കാരണമാകുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രകാരം | (സി) മദ്യപിച്ചും, അശ്രദ്ധമായും അമിത വേഗതയിലും, രാത്രികാലങ്ങളിൽ ലൈറ്റ് ഡിം ചെയ്യാതെയും വാഹനമോടിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കർശനമായ വാഹന പരിശോധന നടത്തി വരുന്നുണ്ട്. ആൽക്കോമീറ്റർ, ബ്രീത്ത് അനലൈസർ എന്നിവ ഉപയോഗിച്ച് മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുകയും ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിലുള്ള വാഹനാപകടങ്ങൾ വരുത്തുന്നവരുടെ ലൈസൻസ് എന്നേയ്ക്കുമായി റദ്ദ് ചെയ്യുവാനും ജാമ്യമില്ലാ വകുപ്പ് പ്രകാരം അറസ്റ്റ് ചെയ്ത് ശിക്ഷ വാങ്ങി നൽകുന്നതിനും മോട്ടോർ വാഹന വകുപ്പ് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഡി) | കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നിയമ നടപടികൾ കൈക്കൊള്ളുന്നത്. ഇതിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. കേന്ദ്ര നിയമത്തിന്റെ ഭേദഗതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ